# എസ്.ഡി.വി .ബി. എച്ച് എസ്.എസ്

## ആലപ്പുഴ

# അക്കാദമിക മാസ്റ്റർ പ്ലാൻ

# എസ്.ഡി.വി. ബോയ്സ്
# ഹയർ സെക്കന്ററി ഹൈസ്കൂൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | - | എസ്.ഡി.വി. ബി.എച്ച്.എസ്.എസ്. |
| ഫോൺ | - | 0477-2264674 |
| സ്കൂൾ കോഡ് | - | 35001 |
| വിദ്യാഭ്യാസ ജില്ല | - | ആലപ്പുഴ |
| റവന്യൂ ജില്ല | - | ആലപ്പുഴ |
| ബി.ആർ.സി. | - | ആലപ്പുഴ |
| മുനിസിപ്പാലിറ്റി | - | ആലപ്പുഴ |
| നിയമസഭാമണ്ഡലം | - | ആലപ്പുഴ |
| താലൂക്ക് | - | അമ്പലപ്പുഴ |
| വില്ലേജ് | - | ആര്യാട് (തെക്ക്) |
| വാർഡ് | - | കിടങ്ങാംപറമ്പ് |
| ഇ-മെയിൽ | - | 35001alappuzha@gmail.com |

## ആമുഖം

കുട്ടികളെ പൊതുവിദ്യാലയങ്ങളിലയച്ച് പഠിപ്പിക്കുന്നതാണ് ശരിയെന്ന് സമൂഹത്തിൽ കൂടുതൽപേർ ചിന്തിച്ചു തുടങ്ങുന്നുവെന്ന പ്രത്യേകത വർത്തമാനകാലത്തിനുണ്ട്. സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന ഒട്ടേറെ ആവലാതികൾക്കുള്ള ഒറ്റമൂലി കൂടിയാണ് പൊതുവിദ്യാഭ്യാസം തിരിച്ചുപിടിക്കുന്നതിലൂടെ സാധ്യമാകുന്നത്. പൊതുവിദ്യാഭ്യാസരംഗത്ത് നിലവിലുള്ള കുറവുകൾ പരിഹരിക്കുന്നതിനുവേണ്ടി മതനിരപേക്ഷ ജനാധിപത്യ ജനകീയ സമീപന രീതി ഉൾക്കൊണ്ട് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. ഭാവികേരളത്തിനായുള്ള കരുതൽ കൂടിയാണിത്. സമ്പ്രദായികവും യാഥാസ്ഥിതികവുമായ ചിന്തകളല്ല പുതിയ വിദ്യാഭ്യാസ ദർശനങ്ങൾ ഉൾക്കൊള്ളുന്നതും മികച്ച ഭൗതികാന്തരീക്ഷം സൃഷ്ടിക്കുന്നതും ലക്ഷ്യബോധമുള്ളതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങളായി പൊതുവിദ്യാലയങ്ങളെ മാറ്റിയെടുക്കണമെന്നാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. മതേതരചിന്ത, സാമൂഹികാവബോധം, മാതൃഭാഷാസ്നേഹം, പരിസ്ഥിതിദർശനം തുടങ്ങി നവലിബറൽ ചിന്തകൾ ഒട്ടേറെ മൂല്യങ്ങളെ തിരിച്ചുപിടിക്കാൻ മലയാളികൾ തിരികെ പൊതുവിദ്യാലയങ്ങളിലേക്ക് സഞ്ചരിക്കുകയാണ്.

അവകാശാധിഷ്ഠിത വിദ്യാലയം എന്ന ലക്ഷ്യം നേടുന്നതിനുള്ള സമഗ്രമായ സ്കൂൾ വികസനപദ്ധതി പരിപ്രേക്ഷ്യം നടപ്പിലാക്കുന്നതിന് അക്കാദമിക മികവ് ആർജ്ജിക്കേണ്ടതുണ്ട്. വിവിധ വിഷയങ്ങളുമായി ബന്ധിപ്പിച്ച് നൽകുന്ന പഠനപ്രവർത്തനങ്ങളുടെ ഫലമായി അറിവ് ശേഷികൾ, മനോഭാവങ്ങൾ, മൂല്യങ്ങൾ എന്നിവ കുട്ടിയിൽ രൂപപ്പെടുന്നു. ഇതിൽ ചിലത് ഹ്രസ്വകാലയളവിൽ ആർജ്ജിക്കുന്നതും ചിലത് ദീർഘകാലം കൊണ്ട് ആർജ്ജിക്കുന്നതുമായിരിക്കും. ഇങ്ങനെ കുട്ടിയിലുണ്ടാകേണ്ട മാറ്റങ്ങളെ മുൻകൂട്ടിക്കണ്ട് സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടി കൈവരിക്കേണ്ട ലക്ഷ്യങ്ങളെ മുൻകൂട്ടി സമഗ്രമായ പ്ലാൻ തയ്യാറാക്കേണ്ടത് അത്യാവശ്യമാണ്. കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ഉണ്ടായ ആദ്യത്തെ കൂട്ടായ സംഗമം 1902ൽ ചേർന്ന ഹേഗ് കോൺഫറൻസ് പ്രൈവറ്റ് ഇന്റർനാഷണലാണ്. കുട്ടികളുടെ സ്വാഭാവിക വികസനത്തിനാവശ്യമായ ഭൗതികവും ആത്മീയവുമായ സാഹചര്യങ്ങൾ ലഭ്യമാക്കുക, വിശക്കുന്ന കുട്ടികൾക്ക് ഭക്ഷണവും രോഗബാധിതർക്ക് ചികിത്സയും അനാഥർക്കും പാർപ്പിടമില്ലാ

ത്തവർക്കും സംരക്ഷണവും വാസസ്ഥലവും നൽകുക, എല്ലാത്തരം സങ്കടങ്ങളിൽ നിന്ന് കുട്ടകൾക്ക് മോചനം നൽകി മനുഷ്യോചിതമായ ജീവിത സാഹചര്യം ഒരുക്കുക, സഹജീവികളോട് സേവനപരമായി ഇടപെടുന്നതിനും സത്ഗുണങ്ങൾ പോഷിപ്പിക്കുന്നതിലും ആവശ്യമായ അവബോധം നൽകുക തുടങ്ങിയ അവകാശങ്ങൾ കുട്ടികൾക്ക് ഉറപ്പ് നൽകാൻ തീരുമാനമെടുക്കു കയുണ്ടായി.

ക്രിയാത്മകവും സ്വയംപര്യാപ്തത നിറഞ്ഞതുമായ ഭാവിതലമുറയെ വാർത്തെടുക്കുന്നതോടൊപ്പം ജനാധിപത്യ അവകാശങ്ങളെക്കുറിച്ച് തിരിച്ച റിവുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കുക എന്നതും ലക്ഷ്യമാക്കുന്നു. വിഭവങ്ങൾ ശരിയായി വിനിയോഗിക്കൽ, സുസ്ഥിര വികസനം സാധ്യമാ ക്കൽ, വിമർശനാത്മക ചിന്ത, ജലം, ഭൂമി എന്നിവയുടെ ശാസ്ത്രീയ വിനി യോഗം, പരിസ്ഥിതി സൗഹൃദ വ്യവസായ നഗരവത്ക്കരണത്തിൽ ഏർപ്പെ ടൽ എന്നിവയും കെ.എഫ്.സി. ലക്ഷ്യമാക്കുന്നു. ഈ ലക്ഷ്യങ്ങൾ സാധ്യ മാക്കുന്നതിനായി വിദ്യാലയത്തെ ഒരുക്കിയെടുക്കേണ്ടത് അത്യാവശ്യമാണ്. അതിനായുള്ള പരിശ്രമങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. സമൂഹത്തിന്റെ പങ്കാ ളിത്തം വിദ്യാലയ വികസനത്തിന്റെ എല്ലാതലത്തിലും ഉറപ്പാക്കുകയെന്നത് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ സവിശേഷതകളിൽ ഒന്നാ ണ്. ഇതിന്റെ ഭാഗമായി സ്കൂൾ അധ്യാപക-രക്ഷകർത്തൃ സമിതി, പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾ മാനേജ്മെന്റ്, പൊതുസമൂഹത്തിലുള്ള വിവിധ കൂട്ടായ്മകൾ തുടങ്ങി മുഴുവൻ പൊതുജനങ്ങളുടേയും സഹകരണം വിദ്യാ ലയ വികസനത്തിന് അത്യന്താപേക്ഷിതമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ വിവിധ ഘട്ടങ്ങളിൽ കുട്ടി കൈവരിക്കേണ്ട ലക്ഷ്യങ്ങളെ മുൻകൂട്ടി കണ്ട് തയ്യാറാക്കിയ സമഗ്രമായ മാസ്റ്റർ പ്ലാനാണിത്. പൊതുവിദ്യാലയങ്ങളെ സ്നേഹിക്കുന്ന സുമനസ്സുകളുടെ സഹകരണവും സഹായവും പ്രതീക്ഷിച്ചു കൊണ്ട് അക്കാദമിക് മാസ്റ്റർ പ്ലാൻ സമർപ്പിക്കുന്നു.

## സ്കൂൾ റിസോഴ്സ് ഗ്രൂപ്പ് (എസ്.ആർ.ജി)

അധ്യായന വർഷാരംഭത്തിൽ തന്നെ സ്കൂൾ റിസോഴ്സ് ഗ്രൂപ്പിനെ തിരഞ്ഞെടുത്തു. ഹൈസ്കൂൾ വിഭാഗം കൺവീനറായി ശ്രീമതി മീര ബി.കുറുപ്പിനെയും യു.പി.വിഭാഗം കൺവീനറായി ശ്രീമതി എം.മായയേയും തിരഞ്ഞെടുത്തു.ആഴ്ചയിൽ ഒത്തുകൂടി വിഷയാടിസ്ഥാനത്തിൽ പഠന പ്രവർത്തനങ്ങൾ വിലയിരുത്തി തയ്യാറാക്കുന്നു.

ക്ലബ്ബ് പ്രവർത്തനങ്ങൾ

ജൂൺ ആദ്യവാരം മുതൽ വിവിധ ക്ലബ്ബ് പ്രവർത്തനങ്ങൾ നടന്നുവരുന്നു. നേതൃത്വം വഹിക്കാൻ കൺവീനർമാരെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| വിദ്യാരംഗം | - | ശ്രീമതി മീര.ബി.കുറുപ്പ് |
| മലയാളം ക്ലബ്ബ് | - | ശ്രീമതി രാഖി |
| സംസ്കൃതം ക്ലബ്ബ് | - | ശ്രീമതി പ്രീജ.ബി.മേനോൻ |
| ഇംഗ്ലീഷ് ക്ലബ്ബ് | - | ശ്രീമതി ചിത്ര.സി.നായർ |
| സോഷ്യൽ സയൻസ് ക്ലബ്ബ് | - | ശ്രീമതി സ്വപ്നാമോൾ |
| സയൻസ് ക്ലബ്ബ് | - | ശ്രീമതി വി.ജയന്തി |
| ഗണിത ക്ലബ്ബ് | - | ശ്രീ.കെ.വി.രാമചന്ദ്രൻപോറ്റി |
| ആരോഗ്യ ക്ലബ്ബ് | - | ശ്രീമതി എൻ.ജി.ബീന |
| ആർട്സ് ക്ലബ്ബ് | - | ശ്രീ.ജിനു ജോർജ്ജ് |
| സീഡ് ക്ലബ്ബ് | - | ശ്രീമതി ബി.പത്മ |

ഇതര പാഠ്യേതര പ്രവർത്തനങ്ങൾ

| | | |
|---|---|---|
| എസ്.പി.സി | - | ശ്രീമതി മഞ്ജിത് തോമസ് |
| | | ശ്രീമതി പ്രീജ.ബി.മേനോൻ |
| ലിറ്റിൽ കൈറ്റ്സ് | - | ശ്രീമതി ആര്യ അനിൽകുമാർ |
| | | ശ്രീ.നിഖിൽ.പി.എസ് |
| റെഡ് ക്രോസ് | - | ശ്രീമതി ബി.പത്മ |

| 2025 -26 | | |
|---|---|---|
| കാലയളവ് | പ്രവർത്തനങ്ങൾ | ചുമതലക്കാർ |
| ജൂൺ | ◆ പ്രവേശനോത്സവം വിപുലമായ പരിപാടികളോടെനടത്തപ്പെടുന്നു.<br>◆ മുനിസിപ്പാലിറ്റി പിടിഎ പ്രതിനിധികൾ എന്നിവരുടെയെല്ലാം സഹകരണത്തോടെ കുട്ടികളുടെ വിവിധ കലാപരിപാടികൾ ഉൾപ്പെടെ നടത്തി കൃത്യമായ ആസൂത്രണത്തോടെ നടത്തപ്പെടുന്നു. | പി.റ്റി.എ അംഗങ്ങൾ, അധ്യാപക -അനധ്യാപകർ |
| | ◆ ലഹരിവിരുദ്ധ ബോധവൽക്കരണ പരിപാടികൾക്ക് തുടക്കമിടുന്നു. എല്ലാ ക്ലാസുകളിലും അധ്യാപകർ ബോധവത്ക്കരണ ക്ലാസുകൾനടത്തുന്നതിനൊപ്പം എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു. | വിമുക്തി ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |
| | ◆ എസ്.ആർ.ജി മീറ്റംഗ് നടത്തി എല്ലാ ക്ലാസിലെയും ക്ലാസ് പിടിഎ സംഘടിപ്പിക്കുവാനും പാഠഭാഗങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാനും തീരുമാനിക്കുന്നു. | എസ്.ആർ.ജി |
| | ◆ പരിസ്ഥിതി ദിനാഘോഷം സംഘടിപ്പിക്കുന്നു.പരിസ്ഥിതി പ്രവർത്തകരുടെ ക്ലാസുകൾ കുട്ടികൾക്കായി പോസ്റ്റർ നിർമാണം,ക്വിസ്, ചിത്രരചന, സെമിനാർ ........അനുബന്ധിച്ച് പ്രബന്ധാവതരണം നടത്തുന്നു.<br>◆ സമുദ്രദിനത്തോടനുബന്ധിച്ച് പ്രബന്ധാവതരണം നടത്തുന്നു. | സീഡ് ക്ലബ്ബ് |
| | ◆ രക്തദാന ദിനവുമായി ബന്ധപ്പെട്ട് രക്തദാനത്തിന്റെ പ്രാധാന്യത്തെപ്പറ്റി കുട്ടികൾക്ക് ക്ലാസുകൾ സംഘടിപ്പിക്കുന്നു.കുട്ടികളുടെ ബ്ലഡ് ഗ്രൂപ്പ് അറിയാൻ ക്യാമ്പ് സംഘടിപ്പിക്കുന്നു. | ഹെൽത്ത് ക്ലബ്ബ് |
| | ◆ ട്രാഫിക് നിയമങ്ങൾ, വ്യക്തിശുചിത്വം,പരിസരശുചിത്വം,ആരോഗ്യം, വ്യായാമം,കായിക ക്ഷമത,പൊതുമുതൽ സംരക്ഷണം,റാഗിംങ്,വൈകാരിക നിയന്ത്രണം തുടങ്ങിയ വിഷയാധിഷ്ടിത ക്ലാസുകൾ 1 മണിക്കൂർ വീതം ജൂൺ 2 മുതൽ നടത്താനുള്ള ആസൂത്രണങ്ങൾ. | എസ്.പി.സി |
| | ◆ അന്താരാഷ്ട്ര യോഗദിനത്തോട് അനുബന്ധിച്ച് കുട്ടികൾക്ക് ലളിതമായ യോഗാസനമുറകളിൽ ക്ലാസുകൾ നടത്തുന്നു. | എസ്.പി.സി |
| | ◆ മലയാളം,ഇംഗ്ലീഷ്,ഹിന്ദി ഭാഷകൾ കുട്ടികൾക്ക് അനായാസമായി വായിക്കാനും എഴുതാനും ആവശ്യമായ പരിശീലനം നൽകാൻ തീരുമാനിച്ച് ക്ലാസുകൾ നടത്തപ്പെടുന്നു. വായനാദിനാഘോഷം സംഘടിപ്പിക്കുന്നു. | മലയാളം ക്ലബ്ബ്<br>ഭാഷാക്ലബ്ബുകൾ |
| | | എസ്.പി.സി.<br>വിമുക്തി ക്ലബ്ബ് |

| | | |
|---|---|---|
| | ♦ലോക ലഹരി വിരുദ്ധ ദിനത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ പ്രതിജ്ഞ എടുക്കുകയും കുട്ടികൾക്ക് ലഹരി വിരുദ്ധ ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. | |
| | ♦സ്കൂൾ റേഡിയോ 'ശബ്ദസഞ്ചാരിആരംഭിക്കുന്നു. | |
| | ♦പഠന പിന്തുണ ആവശ്യമുള്ള കുട്ടികളെ എസ്.ആർ.ജി. കണ്ടെത്താനുള്ള നടപടികൾക്ക് തുടക്കമിടുന്നു. | |
| | ♦"മികവിലേക്ക് ഒരു ചുവട് "എന്ന പദ്ധതിയുടെ തുടക്കങ്ങൾ | |
| | ♦ലഹരി വിരുദ്ധ ബോധവൽക്കരണ സന്ദേശങ്ങൾ സ്കൂൾ ക്യാമ്പിലെ പലയിടങ്ങളിലായി സ്ഥാപിക്കുന്നു. | |
| | ♦പിരിയോഡിക് ചാർട്ട് നിർമ്മാണവും പ്രദർശനവും സംഘടിപ്പിക്കുന്നു.കൂടാതെ ലഘുപരീക്ഷണങ്ങളിൽ ഏർപ്പെടാൻ കുട്ടികൾക്ക് പ്രചോദനം നൽകുന്ന ക്ലാസുകൾ സംഘടിപ്പിക്കുന്നു. | സയൻസ്,സോഷ്യൽ സയൻസ് ക്ലബ്ബുകൾ |
| ജൂലൈ | ♦ചാന്ദ്രദിനാചരണത്തോട് അനുബന്ധിച്ച് വിദഗ്ദ്ധരുടെ ക്ലാസുകൾ സംഘടിപ്പിക്കുന്നു.ക്വിസ്,പോസ്റ്റർ നിർമ്മാണം എന്നിവയിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | |
| | ♦പ്രകൃതി സംരക്ഷണദിനവുമായി ബന്ധപ്പെട്ട് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു. സ്കൂൾ പരിസരത്ത് വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുന്നു.പ്രകൃതി സംരക്ഷണ പ്രതിജ്ഞ എടുക്കുന്നു. | എസ്.പി.സി |
| | ♦ട്രാഫിക് നിയമ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾക്ക് ക്ലാസുകൾ നൽകുന്നു. | റെഡ്ക്രോസ് |
| ആഗസ്റ്റ് | ♦കുട്ടികൾ ഉച്ചഭക്ഷണം പാഴാക്കാതിരിക്കാനും ഭക്ഷണാവശിഷ്ടങ്ങൾ വലിച്ചെറിയാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നു.അതിനായി വോളണ്ടിയർമാരെ നിയമിക്കുന്നു. | സോഷ്യൽ സയൻസ് ക്ലബ്ബ് |
| | ♦ഹിരോഷിമ,നാഗാസാക്കി ദിനങ്ങളുമായി ബന്ധപ്പെട്ട് പ്രത്യേക അസംബ്ലി സംഘടിപ്പിക്കുന്നു. യുദ്ധവിരുദ്ധ റാലി സംഘടിപ്പിക്കുന്നു. യുദ്ധവിരുദ്ധ പ്രതിജ്ഞ എടുക്കുന്നു. ഉപന്യാസ രചന, പ്രസംഗ മത്സരം തുടങ്ങിയവ സംഘടിപ്പിക്കുന്നു. | വിവിധ ക്ലബ്ബുകൾ<br>എസ്.പി.സി |
| | ♦സ്വാതന്ത്ര്യ ദിനാഘോഷവുമായി വിവിധ പരിപാടികൾ നടത്താൻ തീരുമാനിക്കുന്നു.ദേശഭക്തിഗാനം,സ്വാതന്ത്ര്യ ദിനക്വിസ്,രചനാമത്സരങ്ങൾ,രചനാമത്സരങ്ങൾ,സ്വാതന്ത്ര്യ ദിന സന്ദേശം ഉൾക്കൊള്ളുന്ന നൃത്തം,പ്രസംഗം,എസ്.പി.സി.കേഡറ്റുകളുടെ മാർച്ച് പാസ്തം ഇവ സംഘടിപ്പിക്കുവാൻ തീരുമാനിക്കുന്നു. | സ്പോർട്സ് ക്ലബ്ബ് |
| സെപ്റ്റംബർ | ♦ആഗസ്റ്റ് 29 ദേശീയ കായികദിനം നടത്താൻ തീരുമാനിക്കുന്നു.പ്രതിജ്ഞ,പ്രത്യേക അസംബ്ലി,വിവിധ കായിക പരിപാടികൾ ഇവ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.ഓണാഘോഷപരിപാടികൾ നടത്താൻ തീരുമാനിച്ചു. | |

| | | |
|---|---|---|
| | •സെപ്റ്റംബർ 5 അധ്യാപകദിനത്തിൽ പ്രത്യേക അസംബ്ലികൂടി. ഗുരുക്കന്മാരെ ആദരിക്കുവാൻ തീരുമാനിക്കുന്നു. | ഹിന്ദി ക്ലബ്ബ് |
| | •ശാസ്ത്രമേളകൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. | സയൻസ് ക്ലബ്ബ് |
| | •ദേശീയ ഹിന്ദി ദിന(സെപ്റ്റംബർ 14)ത്തിൽ ഹിന്ദിയിൽ പ്രത്യേകഅസംബ്ലി,രചനാമത്സരങ്ങൾ,പോസ്റ്റർ രചന ഇവ സംഘടിപ്പിക്കുന്നു. | |
| | •സെപ്റ്റംബർ 16 ഓസോൺ ദിനത്തിൽ നമ്മുടെ അന്തരീക്ഷം മലിനമാക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങളെകുറിച്ച് പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കുന്നു. | |
| | •സെപ്റ്റംബർ പകുതിയോടുകൂടി കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്നതിനായി സ്കൂൾ കലോത്സവം നടത്താൻ തീരുമാനിച്ചു. | |
| ഒക്ടോബർ | •സെപ്റ്റംബർ അവസാനവാരം ദസ്റാ സ്പോർസും കലാപരിപാടികൾ അടങ്ങുന്ന ദസ്റാ ആഘോഷവും സംഘടിപ്പിക്കുവാൻ തീരുമാനിക്കുന്നു. | |
| നവംബർ | •ആഗസ്റ്റ് ആദ്യവാരം തുടങ്ങിയ ഒരു പിടി നന്മ പദ്ധതി നിർധനരായ കുട്ടികൾക്കുള്ള സഹായ പദ്ധതി മറ്റ് ക്ലാസ്സുകളിലേക്കും തുടരുന്നു. | |
| | •ഒക്ടോബർ 30 ദേശീയ സമ്പാദ്യദിനവുമായി ബന്ധപ്പെട്ട് 'സഞ്ചയികാ പദ്ധതി' തുടർന്നുപോരുന്നു. | വിവിധ ശാസ്ത്ര ക്ലബ്ബുകൾ |
| | •കേരളപ്പിറവി ആഘോഷം വിപുലമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. | |
| | •നവംബർ 10 അന്താരാഷ്ട്രശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട് കുട്ടികളിൽ ശാസ്ത്രാവബോധം സൃഷ്ടിക്കാനും ശാസ്ത്ര കൗതുകം വളർത്തുവാനുമുള്ള പരിപാടികൾ സംഘടിപ്പിക്കുന്നു. | |
| ഡിസംബർ | •ഡിസംബർ 3 ഭിന്നശേഷിദിനത്തിൽ കുട്ടികൾക്ക് ഭിന്നശേഷിയുള്ള കുട്ടികളോടുള്ള മനോഭാവത്തിൽ മാറ്റംവരുത്തത്തക്ക രീതിയിലുള്ള പരിപാടികൾ ആസൂത്രണം ചെയ്യുന്നു. | |
| | •ഡിസംബർ 22 ദേശീയ ഗണിത ദിനത്തിൽ ക്വിസ്,ചാർട്ട് നിർമ്മാണം,പ്രത്യേ അസംബ്ലി എന്നിവ സംഘടിപ്പിക്കുന്നു. | ഗണിത ക്ലബ്ബ് |

| | | |
|---|---|---|
| ജനുവരി | • ഡിസംബർ അവസാനം ക്രിസ്തുമസ് ആഘോഷപരിപാടികൾ സംഘടിപ്പിക്കുന്നു.<br>• പരീക്ഷാ ക്രമീകരണങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നു.<br>• റിപ്പബ്ലിക് ദിനത്തിൽ എസ്.പി.സി കേഡറ്റുകളുടെ മാർച്ച് പാസ്റ്റും കുട്ടികളിൽ ദേശഭക്തി ഉണർത്തുന്ന വിവിധ മത്സരങ്ങളും സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചു.<br>• രാഷ്ട്രപിതാവ് ഗാന്ധിജിയുടെ ചരമദിനമായ ജനുവരി 30 - ൽ രക്തസാക്ഷിദിനം ആചരിക്കാൻ തീരുമാനിച്ചു.ഗാന്ധി അനുസ്മരണം,പ്രഭാഷണം എന്നിവ സംഘടിപ്പിക്കുന്നു.<br>• 13ന് ഒ.എൻ.വി.കുറുപ്പിന്റെ ഓർമ്മദിനം വിവിധ പരിപാടികളോടെ ആചരിക്കാൻ തീരുമാനിച്ചു. ഒ.എൻ.വി.കുറുപ്പ് അനുസ്മരണം,കവിതാലാപനം എന്നിവ സംഘടിപ്പിക്കുന്നു. | എസ്.പി.സി<br><br>സോഷ്യൽ സയൻസ് ക്ലബ്ബ്<br><br>മലയാളം ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം ഭാഷാ നൈപുണി വർദ്ധിപ്പിക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്ന കയ്യെഴുത്ത് മാസികാ പത്രം | 3 മാസം | ഭാഷാധ്യാപകർ | പി.റ്റി.എ.ഫണ്ട് |
| | സ്കൂൾ ബ്ലോഗ് | 4 മാസം | ഭാഷാധ്യാപകർ, കമ്പ്യൂട്ടർ അധ്യാപർ | സാമ്പത്തികം ഇല്ല |
| | അഭിമുഖങ്ങൾ, സെമിനാറുകൾ | 1 വർഷം | പ്രധാനാധ്യാപിക, ഭാഷാധ്യാപിക, പി.റ്റി.എ | പി.റ്റി.എ.സഹ കരണത്തോടെ |
| ഇംഗ്ലീഷ്, ഹിന്ദി ഭാഷാ പഠനം സുഗമ മാക്കൽ വായന യിലൂടെ | 13. ലൈബ്രറി | 1 വർഷം | പ്രധാനാധ്യാപിക, ലൈബ്രേറിയൻ | ജനപ്രതിനിധി കളുടെ സഹക രണത്തോടെ |
| സംസ്കൃത ഭാഷാ പഠനം മെച്ചപ്പെടുത്തൽ | 14. സംസ്കൃത ശിബിരം നടപ്പാക്കൽ | 1 വർഷം | സംസ്കൃതാധ്യാ പിക | പൂർവ്വ വിദ്യാർത്ഥി സംഘടന |
| | 15. സംസ്കൃത ക്ലാസ് റൂം ഹൈടെക് ആക്കുക | 1 വർഷം | പ്രധാനാധ്യാപിക | പൂർവ്വ വിദ്യാർത്ഥി സംഘടന |

## മേഖല - ഫിസിക്സ്,കെമിസ്ട്രി

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 1 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെ അവതരണം. പരീക്ഷണകളരി, പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ സ്കൂൾതല സയൻസ് എക്സിബിഷൻ. പ്രൊജക്ട് അവതരണം, സർവ്വെ,അഭിമുഖം നിരീക്ഷണം. | 1 വർഷം | സയൻസ് ക്ലബ്ബ് | പി.റ്റി.എ. |
| 2 | ശാസ്ത്ര മേളയിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കൽ | മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | 1 മാസം | സയൻസ് ക്ലബ്ബ് | പി.റ്റി.എ. |
| 3 | ശാസ്ത്രലാബ് നവീകരണം | ഫിസിക്സ്,കെമിസ്ട്രി, ബയോളജി വിഷയങ്ങളു മായി ബന്ധപ്പെട്ട ഉപകരണ ങ്ങൾ സജ്ജീകരിക്കൽ | 1 മാസം | സയൻസ് ക്ലബ്ബ് ടീച്ചേഴ്സ് | മാനേജ്മെന്റ് |
| 4 | പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടു ത്തൽ | സ്കൂൾ കെട്ടിടത്തിനു മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | 1 വർഷം | പി.റ്റി.എ. | എം.എൽ.എ. ഫണ്ട് |
| 5 | ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കിയ ലേഖനങ്ങൾ,കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക തയ്യാറാക്കൽ | ഒരു തവണ | സയൻസ് ക്ലബ്ബ് ടീച്ചേഴ്സ് | - |
| 6 | ചോദ്യപേപ്പർ ശില്പശാല നിർമ്മിക്കൽ | കുട്ടികളെ ഉപയോഗപ്പെടുത്തി ചോദ്യപേപ്പർ ശില്പശാല തയ്യാറാക്കൽ | 3 മാസം | സയൻസ് ക്ലബ്ബ് ടീച്ചേഴ്സ് | — |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- | --- |
| 7 | മോഡൽ നിർമ്മാണം | ഫിസിക്സ്,കെമിസ്ട്രി, ബയോളജി ബന്ധപ്പെട്ട മോഡൽ നിർമ്മിക്കൽ | 1 മാസം | സയൻസ് ക്ലബ്ബ് ടീച്ചേഴ്സ് | |
| 8 | പഠന പിന്നോക്ക അവസ്ഥയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ | പീർ- ഗ്രൂപ്പ് തയ്യാറാക്കി പരിശീലനം നൽകൽ എക്സ്ട്രാ ടൈം കണ്ടെത്തി കൂടുതൽ പരിശീലനം നൽകൽ | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ക്ലബ്ബ് ടീച്ചേഴ്സ് | — |
| 9 | ശാസ്ത്ര മേഖലയിൽ പ്രഗത്ഭരായ വ്യക്തികളുമായി സംവാദം | ഫിസിക്സ്,കെമിസ്ട്രി, ബയോളജി എന്നീ മേഖലകളിൽ പ്രഗത്ഭരായ ടീച്ചേഴ്സ്, ഡോക്ടേഴ്സ്......... എന്നിവരുമായി സംവദിക്കൽ അനുഭവം പങ്കുവെയ്ക്കൽ | വർഷത്തിൽ ഒരിക്കൽ | സയൻസ് ക്ലബ്ബ് ടീച്ചേഴ്സ് | — |

# Academic Master Plan

മേഖല - സോഷ്യൽ സയൻസ് **Social Science**

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാടും,മേടും-ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക് വർഷം മുഴുവനായി നട ത്തുന്നു. നിശ്ചയിച്ച തീയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | — |
| 2 | ജനായിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | ഒന്നായി നമ്മൾ - സ്കൂൾ പാർലമെന്റ് പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്ക് പ്രവർത്തനം. | അക്കാദമിക് വർഷത്തെ തിര ഞ്ഞെടുത്തദിന ങ്ങൾ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ കുട്ടികൾ സുമനസ്സുകൾ |
| 3 | സാമൂഹ്യ ശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക. | സ്റ്റാർട്ട് അപ്പ് -സാമൂഹ്യ ശാസ്ത്ര ലാബുകൾ, ആകാശ കാഴ്ചകൾ, കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| 4 | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്ത നത്തിലൂടെ വളരുക. സാമൂഹിക പരിഷ്കർത്താക്കളെ പരിചയപ്പെടുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ-സർവ്വേ, പ്രൊജക്ട്,ചർച്ചകൾ, സംവാദം,ക്ലാസ്സുകൾ, അഭിമുഖങ്ങൾ | അക്കാദമിക് വർഷം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| 5 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക. | പട്ടുപാതയിലൂടെ- ഭൂമി ശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. അറ്റ്ലസ്,മാപ്പുകൾ, ഗ്ലോബ് | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | എസ്.എസ്. ക്ലബ്ബ് |
| 6 | വ്യത്യസ്തയിനം മണ്ണിനങ്ങൾ, ജലാശയങ്ങൾ, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക | ചരിത്രകൊട്ടാരം-വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകൾ,ക്രമീകരണം, കേട്ടു പഠനം പരമാക്കി മാറ്റുന്നു. | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

## മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. പോഷകാഹാര വിതരണം | 1. പാചകപ്പുര ആധുനികവത്കരിക്കുക<br>2. ഉച്ചഭക്ഷണത്തിനുള്ള പാത്രങ്ങൾ | 1 വർഷം | പി.റ്റി.എ. പ്രധാനാധ്യാപിക | 25000<br>പൂർവ്വ വിദ്യാർത്ഥി സംഘടന, മാനേജ്മെന്റ് |
| 2. സുരക്ഷിത പരിസരം | 1. സൈക്കിൾ ഷെഡ്<br>2. അസംബ്ലി ഹാൾ<br>3. രക്ഷിതാക്കൾക്ക് വെയിറ്റിംഗ് റൂം | 1 വർഷം | പി.റ്റി.എ. പ്രധാനാധ്യാപിക | 50000<br>മാനേജ്മെന്റ് |
| 3. സുന്ദര ശുചിത്വ പരിസരം | 1. ആകർഷകമായ ഗേറ്റ്<br>2. കുട്ടികളുടെ പാർക്ക്<br>3. മാലിന്യ നിർമ്മാർജ്ജനം<br>4. മഴക്കാല പ്രശ്നങ്ങൾ ഒഴിവാക്കാനുള്ള ക്രമീകരണം | 1 വർഷം | പി.റ്റി.എ., പ്രധാനാധ്യാപിക, പരിസ്ഥിതി ക്ലബ്ബ് കൺവീനർ | 200000<br>ജനപ്രതിനിധികളുടെ സഹകരണത്തോടെ |
| 4. ഹരിതപരിസരം പരിസരപഠനം ജീവിതലക്ഷ്യമായി തീരുക | 1. ജൈവ വൈവിധ്യ പാർക്ക്<br>2 ഔഷധോദ്യാനം<br>3. പ്ലാസ്റ്റിക് രഹിത വിദ്യാലയം | 6 മാസം | എക്കോ ക്ലബ്ബ് കൺവീനർ, പി.റ്റി.എ. പ്രധാനാധ്യാപിക | 100000<br>പി.റ്റി.എ. മാനേജ്മെന്റ് സഹകരണത്തോടെ |
| | | | | |

| നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5 | കമ്പ്യൂട്ടർ റൂം ആധുനിക ഉപകരണങ്ങൾ കൊണ്ട് കമ്പ്യൂട്ടർ റൂം വിപുലീകരിക്കുക | 1. ഫോട്ടോ സ്റ്റാറ്റ് മെഷീൻ<br>2. കമ്പ്യൂട്ടർ പ്രിന്റർ<br>3. ജനറേറ്റർ<br>4. സൗണ്ട് സിസ്റ്റം | 5 മാസം | പ്രഥമാധ്യാപിക പിറ്റിഎ | പൂർവ്വ വിദ്യാർത്ഥി സംഘടന |
| 6 | ജലസംരക്ഷണം ജലത്തിന്റെ പ്രാധാന്യം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക | 1. മഴവെള്ള സംഭരണി<br>2. വാഷ്ബെയ്സൻ | 4 മാസം | പ്രഥമാധ്യാപിക | ജനപ്രതിനിധികൾ |
| 7 | കായിക വിദ്യാഭ്യാസം കായിക ക്ഷമത ഉറപ്പുവരുത്തുക | 1. ആധുനിക ഉപകരണങ്ങൾ<br>2. ഷട്ടിൽ പരിശീലനം<br>3. ബാസ്ക്കറ്റ്ബോൾ പരിശീലനം<br>4. യോഗപരിശീലനം<br>5. ക്രിക്കറ്റ് പരിശീലനം<br>6. ഫുട്ബോൾ പരിശീലനം<br>7. അത്‌ലറ്റിക്സ് പരിശീലനം<br>8. സുംബാ പരിശീലനം | 1 വർഷം ജൂൺ മാർച്ച് | കായികാധ്യാപിക പ്രധാനാധ്യാപിക | പൂർവ്വ വിദ്യാർത്ഥി സംഘടന |

## പരിമിതികൾ

1. അധ്യാപക-രക്ഷാകർതൃ സംഘടനയുടെ മീറ്റിംഗിൽ എല്ലാവരെയും എത്തിക്കാൻ സാധിക്കുന്നില്ല.
2. മാതാപിതാക്കളുടെ സാമ്പത്തിക,സാമൂഹിക പിന്നോക്കാവസ്ഥമൂലം കുട്ടികളെ വേണ്ടത്ര ശ്രദ്ധിക്കാൻ പറ്റാത്ത അവസ്ഥ.
3. സമപ്രായക്കാരുടെ തെറ്റായ ഇടപെടലുകൾ.
4. കുട്ടികളിലെ ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കൽ.
5. മൊബൈൽ ഫോണിന്റെ അമിത ഉപയോഗം നിയന്ത്രിക്കാനുള്ള സംവിധാനം.